"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ മുൻ ക്ലാർക്ക് ശ്രീ. സജിമോൻ പി.കെ. തസ്തികയില്ലാതെ പുറത്തു നിന്ന 01.09.1995 മുതൽ 31.10.1995 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.10117/2025/GEDN തീയതി,തിരുവനന്തപുരം, 08-12-2025

---

പരാമർശം:-

1. 20.06.2022 തീയതിയിലെ സ.ഉ.(അച്ചടി) 7/2022/പൊവിവ ഉത്തരവ്
2. 03.06.2024 തീയതിയിലെ സ.ഉ.(അച്ചടി) 16/2024/പൊവിവ ഉത്തരവ്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.04.2024, 19.12.2024, 17/11/2025 എന്നീ തീയതികളിലെ ഇസി5/21471/2023/ഡിജിഇ നമ്പർ കത്തുകൾ

**ഉത്തരവ്**

തൃശ്ശൂർ ദേവമാത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള പങ്ങാരപ്പള്ളി സെന്റ് ജോസഫ്സ് എച്ച്.എസ്.ലെ ക്ലാർക്ക് ആയ ശ്രീ. സജിമോൻ പി.കെ. ഇതേ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സെന്റ് അലോഷ്യസ് എച്ച്.സ്.ൽ എഫ്.ടി.എം ആയി ജോലി ചെയ്ത് വരവേ കുട്ടികളുടെ എണ്ണം കുറഞ്ഞതിനെ തുടർന്ന് 15.07.1995 മുതൽ 31.10.1995 വരെ തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോവുകയും തുടർന്ന് അതേ സ്കൂളിൽ തന്നെ 01.11.1995 മുതൽ എഫ്.ടി.എം തസ്തികയിൽ തുടർ നിയമനം ലഭിക്കുകയും ചെയ്തു. ശ്രീ സജിമോൻ.പി.കെ, തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള എൽതുരുത്ത് സെന്റ് അലോഷ്യസ് എച്ച്.എസിൽ ഫുൾടൈം മീനിയൽ തസ്തികയിൽ 01/03/1993 മുതൽ ജോലിയിൽ പ്രവേശിച്ചിരുന്നു. എന്നാൽ ദേവമാതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ എജൻസിയുടെ കീഴിലുള്ള പാവറട്ടി സെന്റ് ജോസഫ്സ് എച്ച്.എസിലെ 1995-96 കാലഘട്ടത്തിലെ തസ്തികനിർണയം പ്രകാരം ക്ലാർക്ക് തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ഫുൾടൈം മീനിയൽ തസ്തികയിലെ ജൂനിയറായ ശ്രീ.സജിമോൻ പി.കെ സേവനത്തിൽ നിന്നും പുറത്തുപോയിരുന്നു. ശ്രീ. സജിമോൻ പി.കെ യുടെ സേവനപുസ്തകം പരിശോധിച്ചതിൽ 01.09.1995 തീയതിയിലെ കോർപ്പറേറ്റ് മാനേജരുടെ DME/214/95 നമ്പർ ഉത്തരവ് പ്രകാരം 01.09.1995 പൂർവ്വാഹ്നം പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പുറത്തായിരുന്നുവെന്നും തുടർന്ന് ടിയാൾ 01.11.1995 പൂർവ്വാഹ്നത്തിൽ ഫുൾടൈം മീനിയൽ തസ്തികയിൽ തിരികെ സേവനത്തിൽ പ്രവേശിച്ചതായും കാണുന്നുവെന്നു ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ സെന്റ് ജോസഫ് ഹൈസ്കൂൾ പാവറട്ടിയിൽ 15/07/1995 ൽ കുട്ടികളുടെ കുറവ് കാരണം ഒരു ക്ലാർക്ക് തസ്തിക നഷ്ടപ്പെട്ടതിനാൽ ക്ലാർക്കിനെ റിവേർട്ട് ചെയ്യുകയും മറ്റു ജീവനക്കാരെ പുനർവിന്യസിക്കുകയും ചെയ്തതിൽ ജൂനിയറായ ശ്രീ. സജിമോൻ പി.കെ 01.09.1995 ന സേവനത്തിൽ നിന്നും പുറത്തായതായി കാണുന്നു. അതിനാൽ തസ്തിക നഷ്ടപ്പെട്ട് പുറത്ത് നിന്ന കാലഘട്ടം നോൺ

ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനായുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ മുൻ ക്ലാർക്ക് ശ്രീ. സജിമോൻ പി.കെ. തസ്തികയില്ലാതെ പുറത്തു നിന്ന 01.09.1995 മുതൽ 31.10.1995 വരെയുള്ള കാലയളവ് പരാമർശം (1),(2) ഉത്തരവുകളുടെ വെളിച്ചത്തിൽ നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീ.സജിമോൻ പി.കെ., ക്ലർക്ക്, സെന്റ് ജോസഫ് എച്ച്.എസ്., പങ്ങാരപ്പിള്ളി
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
ധനകാര്യവകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 10-12-2025 10:53:06

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്